# ദൈവ ജനത്തിനൊരു വേർപാട്

## മത്തായി 14:6-7

"എന്നാൽ ഹെരോദാവിന്റെ ജനനദിവസം ആയപ്പോൾ ഹെരോദ്യയുടെ മകൾ സഭാമദ്ധ്യേ നൃത്തം ചെയ്തു ഹെരോദാവിനെ പ്രസാദിപ്പിച്ചു. അതുകൊണ്ടു എന്തു ചോദിച്ചാലും അവൾക്കു കൊടുക്കും എന്നു അവൻ സത്യം ചെയ്തു വാക്കു കൊടുത്തു."

വിശുദ്ധ വേദപുസ്തകത്തിലെ ഈ സംഭവത്തിന്റെ പശ്ചാത്തലം ഏവർക്കും സുപരിചിതം തന്നെ. ഈ സംഭവം മർക്കോസ് 6-18 ലും കാണാം. എന്തുതന്നെ ആയാലും ഒരു പെൺകുട്ടിയുടെ പരസ്യമായ നൃത്തം രാജാവിനെ ഭയങ്കരമായി സ്വാധീനിക്കുകയും വിശുദ്ധനായ ഒരു ദൈവപുരുഷന്റെ മരണത്തിലേക്ക് നയിക്കുകയും ചെയ്തു. നമുക്കറിയാം ഹെരോദാവ് തന്റെ സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യയെ പരിഗ്രഹിച്ചു. എന്നാൽ അത് തെറ്റാണ് എന്ന് ശക്തമായി എതിർത്തതിന്റെ പേരിലാണ്, യോഹന്നാൻ സ്നാപകനെ തടവിലാക്കുന്നത്. ഫിലിപ്പോസിന്റെ ഭാര്യയായ ഹെരോദ്യ, യോഹന്നാനെ കൊല്ലുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. മാത്രവുമല്ല, ഹെരോദാവ് യോഹന്നാനെ ഭയപ്പെട്ടതുകൊണ്ട് അവനെ കാത്തുസൂക്ഷിക്കുകയും ചെയ്തു എന്ന് വചനം പറയുന്നു. യോഹന്നാൻ നീതിയും വിശുദ്ധിയും ഉള്ള പുരുഷൻ എന്ന് ഹെരോദാവ് അറിഞ്ഞിരുന്നു. ഇത്രയൊക്കെ ആയിട്ടും, ഹെരോദാവിന് ഒരു പെൺകുട്ടിക്ക് കൊടുത്ത വാക്കിന് വില കൊടുത്തുകൊണ്ട് വിശുദ്ധനായ ദൈവപുരുഷന്റെ തല ഹെരോദ്യയ്ക്ക് കാഴ്ച വെയ്ക്കേണ്ടി വന്നു.

എത്ര ക്രൂരമായ ഒരു സംഭവം ആയിരുന്നു. വലിയ പാഠം ആണ് നാം മനസ്സിലാക്കേണ്ടത്. ലൗകിക വിരുന്നുകൾ, വിനോദങ്ങൾ, മീഡിയയിലൂടെ ലഭിക്കുന്ന ദോഷകരമായ അറിവുകൾ, സന്ദേശങ്ങൾ ഒക്കെ മാനുഷികമായ വികാരങ്ങൾ ഉണർത്തുന്നു. ദൈവിക ചിന്തയിൽ നിന്ന് അല്പനേരത്തേക്കെങ്കിലും മാറിപ്പോകാൻ ഇടയാക്കുന്നു. മനുഷ്യന് പാപത്തെയും നീതിയേയും ന്യായവിധിയെയും വിവേചിക്കാനുള്ള ആത്മാവിന്റെ ശബ്ദം കേൾക്കാതാകുന്നു.

അതേ, ഒത്തുകൂടലുകളും, സന്തോഷവും, വിരുന്നും ഒക്കെ മനുഷ്യജീവിതത്തിലെ ആവശ്യങ്ങൾ തന്നെ ആകുന്നു. കർത്താവ് വിരുന്നുശാലയിൽ കടന്നു വന്നതും ലാസറിന്റെ ഭവനത്തിൽ കൂട്ടായ്മ ആചരിച്ചിരുന്നതും ഒക്കെ വചനത്തിൽ നമുക്ക് കാണാം. എന്നാൽ അതിരുകടന്ന ലൗകിക ഇടപാടുകൾ മനുഷ്യനെ നാശത്തിലേക്ക് നയിക്കും. വലിയ വില ചിലപ്പോൾ കൊടുക്കേണ്ടി വരും. യോഹന്നാൻ നീതിമാൻ എന്നറിഞ്ഞിട്ടും

ഹെറോദാവിന് അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഹെറോദ്യയുടെ മകളുടെ നൃത്തത്തിനു മുമ്പിൽ അവൻ മാനുഷിക വികാരത്തിൽ നിന്നുമാണ് എന്തുവേണെങ്കിലും നൽകാം എന്ന് വാഗ്ദാനം കൊടുത്തു പോയത്.

യഥാർത്ഥമായ ആത്മാവിന് കീഴ്പ്പെട്ട ജീവിതം നയിക്കുവാൻ ഇടയാകട്ടെ. ഒരു ദൈവ പൈതലിന് ദൈവത്തെ മറന്ന് മാനുഷികമായ ഒരു സന്തോഷത്തിലും അമിതമായി പങ്കാളികളാകാനോ, ആനന്ദിക്കുവാനോ കഴിയില്ല, താല്പര്യം പോലും ഉണ്ടാകില്ല. ആത്മാവ് അവനെ അവിടെ നിയന്ത്രിക്കും.

അസാധാരണമായ സന്തോഷങ്ങളിൽ എബ്രായ സ്ത്രീകൾ നൃത്തം ചെയ്തിരുന്നതായി നമുക്ക് വചനത്തിലും കാണാം. ചെങ്കടൽ കടന്ന മിര്യാം തപ്പെടുത്തുകൊണ്ട് നൃത്തം ചെയ്ത് ദൈവത്തെ സ്തുതിച്ചു (പുറപ്പാട് 15:19–21). അതുപോലെ യിരെമ്യാവ് 31:4 ൽ കാണുന്നു "നിനക്ക് അഭിവൃദ്ധി വരുമ്പോൾ ഇനിയും ചേലോടെ തപ്പു എടുത്ത് സന്തോഷിച്ചു നൃത്തം ചെയ്യും". എന്നാൽ നാം കണ്ടതായ വിരുന്നിന്റെ മുമ്പിൽ സഭാ മദ്ധ്യേ ചെയ്ത തരത്തിലുള്ള നൃത്തം ഒരുപക്ഷേ ജാതികളിൽ നിന്നുള്ള ആചാരമാകും. എന്തുതന്നെ ആയാലും ദൈവമക്കൾക്ക് വചനം മുന്നറിയിപ്പ് തരുന്നു. നാം ലോകക്കാരെങ്കിലും, ലോകത്തിലുള്ളവരെപ്പോലെ ഇടപെടുവാനോ ജീവിക്കുവാനോ അനുവാദമില്ല. ഒഴിച്ചു കൂട്ടേണ്ടതിനെ മാറ്റി നിർത്തുവാനുള്ള പരിജ്ഞാനം അധികമായി പ്രാപിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ തലമുറകൾക്ക് നാം ഈ പാഠം അധികമായി കാണിച്ചു കൊടുക്കേണ്ടതാകുന്നു. ഒരുപക്ഷേ സുഹൃദ് വലയത്തിൽ നിന്നുള്ള സമ്മർദ്ദമാകാം, അഥവാ ആയിരുന്ന സമൂഹത്തിന്റെ സംസ്കാരം അതാണ് എന്നൊക്കെ നമുക്ക് വാദഗതികൾ നിരത്താം. "സന്തോഷിപ്പിൻ, എപ്പോഴും സന്തോഷിപ്പിൻ" എന്ന് ദൈവവചനം ആഹ്വാനം തരുമ്പോൾ നമ്മൾ തീർച്ചയായും സന്തോഷിക്കുക തന്നെ വേണം. എന്നാൽ ലോകവ്യവസ്ഥിതിയിലോ, ആശയങ്ങളിലോ, സന്തോഷങ്ങളിലോ ഉള്ള സന്തോഷമല്ല, കർത്താവിൽ സന്തോഷിക്കാം. അത് വ്യക്തിയായി, കുടംബമായി, സമൂഹമായി, കൂട്ടായ്മയായി സന്തോഷം വ്യാപരിക്കട്ടെ. നമുക്ക് ദൈവസഹായത്തിനായി പ്രാർത്ഥിക്കാം. അല്പനേരത്തെ നശ്വരമായ ഒരു ലോക സുഖത്തിനു പിറകിൽ നമ്മെത്തന്നെ ഏല്പിച്ചു കൊടുക്കുമ്പോൾ ഹെറോദാവിനെപ്പോലെ പലരുടെയും മുമ്പിൽ പതറിപ്പോകുവാനും, നിസ്സഹായതയുടെ നടുവിൽ എടുക്കുന്ന തീരുമാനം വലിയ നാശത്തിനായി തീർന്ന്, വിലകൊടുക്കാനും ഇടയാകും. ദൈവമായ കർത്താവ് നമ്മെ സംരക്ഷിക്കട്ടെ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 143